പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1670 15.02.2016 - ൽ മറുപടിയ്ക്ക്

## വീ കെയർ പദ്ധതി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സാമൂഹ്യ നീതി വകുപ്പിനു കീഴിൽ വീ കെയർ പദ്ധതി പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | പ്രഖ്യാപിച്ചിരുന്നു. സഹായമർഹിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് കരുതലും സഹായവും നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് വീ കെയർ പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര തുക സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടത്; പ്രസ്തുത ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) യും (സി) യും | തീരുമാനിച്ചിരുന്നു. 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. വീ കെയർ ഫണ്ടിലേക്ക് സംഭാവന തുക നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഫണ്ടു ശേഖരിച്ചു നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരു വിവരങ്ങൾ ലഭ്യമാക്കാമോ; | | |
| (ഡി) | 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെ സ്വരൂപിച്ച ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ? | | 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെ 8,48,88,415/- രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വ്യക്തികൾ ഏജൻസികൾ/മറ്റ് സ്ഥാപനങ്ങൾ | തുക |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ,ബ്ലോക്ക് പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിൽ നിന്നും ലഭിച്ച തുക | 21,08,06,755 |
| 2 | ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, എറണാകുളം | 5,00,000 |
| 3 | ഷെഫി അൽഹസൻ, അബുദാബി | 10,000 |
| 4 | രാഷ്ട്രദീപിക ലിമിറ്റഡ്, തിരുവനന്തപുരം | 10,000 |
| 5 | രഘുനാഥൻമാസ്റ്റർ, പുതുപ്പാടി, കോഴിക്കോട് | 25,000 |
| 6 | ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രവും കൊല്ലം വിക്ടോറിയ ആശുപത്രിയും സംയുക്തമായി നൽകിയ സംഭാവന | 30,000 |
| 7 | ഡോ എം കെ മുനീർ, ബഹു. പഞ്ചായത്ത് & സാമൂഹ്യ നീതി വകുപ്പ് മന്ത്രി | 2,00,000 |
| 8 | ശ്രീ. സുരേന്ദ്രൻ, കൊല്ലം വിക്ടോറിയ ആശുപത്രി | 5,000 |
| 9 | കോഴിക്കോട്ടെ രസോയി എന്ന വാട്ട്സ് ആപ്പ് കൂട്ടായ്മ | 49,741 |
| 10 | അൽ ഹിന്ദ് ഗ്രൂപ്പ്, കോഴിക്കോട് | 1,00,000 |
| 11 | മിന്റു ജേക്കബ്, മലയാള മനോരമ | 50,000 |
| | ആകെ | 21,17,86,496 |

Manoharan
സെക്ഷൻ ഓഫീസർ